സുപ്രഭാതം
6 October 2017

# സുസ്ഥിര മത്സ്യബന്ധന നിർണയം: ശിൽപശാലയ്ക്ക് തുടക്കമായി

കൊച്ചി: ഇന്ത്യൻ സമുദ്രാർതിർത്തിയിൽ നിന്ന് സുസ്ഥിരത നിലനിർത്തി ഓരോ മത്സ്യയിനവും പിടിക്കാവുന്ന അളവ് ശാസ്ത്രീയമായി നിർണയിക്കുന്നതിന് ഇന്തോ-ജർമൻ പദ്ധതിയുടെ ഭാഗമായുള്ള ദ്വിദിന പരിശീലന ശിൽപശാല കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ആരംഭിച്ചു. ജർമൻ സർക്കാർ ഏജൻസിയായ ജി.ഐ.സെഡും സി.എം.എഫ്.ആർ.ഐയും സംയുക്തമായാണ് ശിൽപശാല നടത്തുന്നത്.

ഏകദേശം 700ൽ പരം മത്സ്യയിനങ്ങൾ ഓരോ വർഷവും ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിച്ചുവരുന്നുണ്ട്. ഇതിൽ ചിലയിനങ്ങളെ കുറിച്ച് മതിയായ എല്ലാ വിവരങ്ങളും ലഭിക്കാറില്ല. ഇത്തരം ഇനങ്ങൾ സുസ്ഥിരമായ രീതിയിൽ പിടിക്കേണ്ട അളവ് നിർണയിക്കുന്നതിന് രാജ്യാന്തര തലത്തിൽ പുതുതായി രൂപപ്പെടുത്തിയിട്ടുള്ള ശാസ്ത്രീയ രീതികൾ പരിചയപ്പെടുത്തുന്നതിനാണ് പരിശീലനപരിപാടി.

ശാസ്ത്രീയമായി തിട്ടപ്പെടുത്തിയ അളവിൽ മീൻപിടുത്തം നടക്കുന്നുവെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിക്കുന്ന മത്സ്യങ്ങൾക്ക് വിദേശ വിപണികളിൽ ഭാവിയിൽ സ്വീകാര്യത ലഭിക്കുകയുള്ളൂ. ഇത്തരം കണക്കുകൾ തിട്ടപ്പെടുത്തുന്നതിന് അന്താരാഷ്ട്രതലത്തിൽ പുതുതായി സ്വീകരിച്ചുവരുന്ന ശാസ്ത്രീയ മാതൃകകൾ ഏഷ്യയിലും പരിചയപ്പെടുത്തുകയാണ് പരിശീലന പരിപാടിയുടെ ലക്ഷ്യം.

സി.എം.എഫ്.ആർ.ഐ ഫിഷറി റിസോഴ്സ് അസസ്മെന്റ് ഡിവിഷൻ മേധാവി ഡോ. ടി വി സത്യാനന്ദന്റെ നേതൃത്വത്തിലാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. പരിശീലന ശിൽപശാല ഇന്ന് സമാപിക്കും.